**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1507** **07-10-2021 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് റവന്യൂ - ഡിജിറ്റൽ സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന സർക്കാർ പ്രഖ്യാപിത പദ്ധതിയുടെ പുരോഗതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്നത് സർക്കാരിന്റെ നയമാണ്. സർക്കാരിന്റെ നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി 13534 പട്ടയങ്ങൾ/പർച്ചേസ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. അതോടൊപ്പം റവന്യൂ സേവനങ്ങൾ സ്മാർട്ട് ആകുന്നതിൻറെ ഭാഗമായി അടിസ്ഥാന ഭൂനികുതി ഒടുക്കുന്നതിനുള്ള പോർട്ടൽ നവീകരണം, മൊബൈൽ ആപ്ലിക്കേഷൻ, ഭൂമി തരം മാറ്റം ഓൺലൈൻ ആയി അപേക്ഷിക്കാൻ ഉള്ള മൊഡ്യൂൾ, FMB, തണ്ടപ്പേർ എക്സ്ട്രാക്റ്റ്, ലൊക്കേഷൻ സ്കെച്ച് എന്നിവ ഓൺലൈൻ ആയി ലഭ്യമാക്കുവാൻ ഉള്ള മൊഡ്യൂൾ എന്നിവ തയ്യാർ ചെയ്തിട്ടുണ്ട്. എല്ലാ ഭൂമിക്കും രേഖ എന്ന ആശയം മുൻനിർത്തി സംസ്ഥാനത്തുള്ള ഡിജിറ്റൽ റീസർവ്വെ ചെയ്യുവാനുള്ള നടപടി ആരംഭിച്ചു.ഇതിനായി 807.98 കോടി രൂപ RKI മുഖേന അനുവദിച്ചിട്ടുണ്ട് . |
| (ബി) | ഭൂരഹിതർക്ക് ഭൂമി കൈമാറുന്നതിന് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ടോ; പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന വിശദാംശം ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്തെ ഭൂരഹിതർക്ക് ഭൂമി കൈമാറുന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ്. ആയതിലേക്ക് സംസ്ഥാനത്ത് എല്ലാ വില്ലേജുകളിലും ലഭ്യമായ ഭൂമി പട്ടയ അപേക്ഷകൾ, അവ വിതരണം ചെയ്യുന്നതിനുള്ള തടസ്സം,ഭൂരഹിതരുടെ വിവരം എന്നിവയുടെ ഒരു ഡാഷ്ബോർഡ് തയ്യാറാക്കുന്ന വിഷയം പരിഗണനയിലാണ്. |
| (സി) | സംസ്ഥാനത്തെ ഭൂമിയാകെ ഡിജിറ്റൽ സർവ്വേ നടത്തി തിട്ടപ്പെടുത്തുന്ന ജോലികൾ ഏതൊക്കെ ജില്ലകളിൽ പൂർത്തിയായി എന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയായെങ്കിലും, 87 വില്ലേജുകളിൽ മാത്രമാണ് ഡിജിറ്റൽ റീസർവ്വെ നടന്നിട്ടുള്ളത്. ഇത് കൂടാതെ 29 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ പുരോഗതിയിലുള്ളതുമാണ്. |

| | | | |
|---|---|---|---|
| | | | ബാക്കിയുള്ള വില്ലേജുകളിൽ നൂതന സർവ്വെ സാങ്കേതിക വിദ്യകളായ CORS (Continuously Operating Reference Stations), RTK (Real Time Kinematic), Drone, DGPS (Differential Global Positioning System), ETS (Electronic Total Station) എന്നീ ഉപകരണങ്ങളുടെ സഹായത്തോടെ സംസ്ഥാനത്തിന്റെ ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതും, പദ്ധതി നടത്തിപ്പിൻറെ ആദ്യ ഘട്ടത്തിനായി339.48 കോടി രൂപ ഉൾപ്പടെ ആകെ 807.98 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നാല് ഘട്ടമായി നാല് വർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത് |

സെക്ഷൻ ഓഫീസർ